# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1805** **10.02.2020-ൽ മറുപടിയ്ക്ക്**

## ആഡംബര ബസ്സുകൾക്ക് പെർമിറ്റ്

| ചോദ്യം<br>ശ്രീ.പി.സി. ജോർജ് | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആഡംബര ബസുകൾക്ക് പെർമിറ്റ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിൽ നിന്നും സംസ്ഥാനത്തിന് ഏതെങ്കിലും തരത്തിലുള്ള നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്.<br>കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം 07.1.2020 തീയതിയിൽ RT-16011/10/2019-T നമ്പരായി പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം എ.സി, ഡീലക്സ് ശ്രേണിയിലുള്ള 22 സീറ്റുകൾക്ക് മുകളിലുള്ള ബസ്സുകൾക്ക് മോട്ടോർ വാഹന നിയമത്തിലെ 66(1) വകുപ്പ് പ്രകാരമുള്ള വ്യവസ്ഥകൾ ഒഴിവാക്കണമെന്ന നിർദ്ദേശം ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (ബി) | ഇത്തരം ബസ്സുകൾക്ക് പെർമിറ്റ് അനുവദിച്ചാൽ അന്തർസംസ്ഥാന സർവ്വീസുകളടക്കം നടത്തുന്ന കെ.എസ്.ആർ.ടി.സി. യെ പ്രതികൂലമായി ബാധിക്കുമെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ 07.1.2020 തീയതിയിലെ RT-16011/10/2019-T നമ്പർ പ്രാഥമിക വിജ്ഞാപനം എ.സി, ഡീലക്സ് ബസ്സുകൾക്ക് നിലവിലുള്ള പെർമിറ്റ് വ്യവസ്ഥകൾ ഒഴിവാക്കി നൽകുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതാണ്. പ്രസ്തുത നിർദ്ദേശം പൂർണ്ണ അർത്ഥത്തിൽ നടപ്പിലാക്കുകയാണെങ്കിൽ ആയത് കെ.എസ്.ആർ.ടി.സി ഉൾപ്പെടെയുള്ള രാജ്യത്തിലെ എല്ലാ എസ്.റ്റി.യു.കളുടെയും നിലനിൽപ്പിനെ വലിയ അർത്ഥത്തിൽ പ്രതിസന്ധിയിലാക്കും. പുതിയ നിർദ്ദേശം നടപ്പിലാക്കിയാൽ കൂടുതൽ കൂടുതൽ സ്വകാര്യ കോൺട്രാക്ട് ക്യാരേജുകൾ സർവ്വീസ് നടത്തുന്നതിന് എത്തിച്ചേരുന്നതും, ഇത് കെ.എസ്.ആർ. ടി.സി.യുടെ പൂർണ്ണ തകർച്ചയ്ക്ക് വഴി വയ്ക്കുമെന്നുള്ളതുമാണ്. കൂടാതെ, ഏത് കോൺട്രാക്ട് ക്യാരേജുകൾക്കും എവിടേയ്ക്കും ആവശ്യാനുസരണം ഇഷ്ടമുള്ള തുക ഈടാക്കി യാതൊരുവിധ നിയന്ത്രണങ്ങളും ഇല്ലാതെ |

| | | | |
|---|---|---|---|
| | | | തന്നെ സർവ്വീസ് നടത്താവുന്ന സാഹചര്യം വന്നുചേരും. ടി നിർദ്ദേശം നടപ്പിലാക്കിയാൽ നിലവിൽ രാത്രികാലത്ത് അനധികൃതമായി നടത്തുന്ന ദീർഘദൂര സർവ്വീസുകൾ/അന്തർ സംസ്ഥാന സർവ്വീസുകൾ കേരളത്തിലെ എല്ലാ പ്രധാന സ്ഥലങ്ങളിലും വ്യാപകമായി നടത്തുകയും, കെ.എസ്.ആർ.ടി.സിയ്ക്ക് ടി സർവ്വീസുകളെ നിയമപരമായി തടയുവാൻ കഴിയാത്ത സാഹചര്യം ഉടലെടുക്കുമെന്നുള്ളതുമാകുന്നു. യാത്രക്കാരുടെ സുരക്ഷിതത്വം ഇത്തരം സർവ്വീസുകളിൽ ഉറപ്പ് വരുത്തുന്നതിന് കഴിയുകയില്ല. |
| (സി) | ഇത്തരം പെർമിറ്റുകൾ നഷ്ടത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ആർ.ടി.സി. യുടെ നിലനിൽപ്പിനെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ഇതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | പ്രസ്തുത നിർദ്ദേശം നടപ്പിലാക്കുന്നത് സംബന്ധിച്ച സംസ്ഥാന സർക്കാരിനുള്ള എതിർപ്പുകൾ അറിയിക്കുന്നതിന് മുന്നോടിയായി വിവിധ ട്രേഡ് യൂണിയനുകളുമായും കെ.എസ്.ആർ.ടി.സി, മോട്ടോർ വാഹന ഉദ്യോഗസ്ഥരുമായും ബഹു: ഗതാഗത വകുപ്പ് മന്ത്രി 22.1.2020 ന് ചർച്ച നടത്തിയിട്ടുള്ളതും വിശദാംശങ്ങൾ രൂപീകരിച്ച് സംസ്ഥാനസർക്കാരിന്റെ വിയോജിപ്പ് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുള്ളതുമാണ്. |

**സെക്ഷൻ ഓഫീസർ**